## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3937** **24.08.2017-ന് മറുപടിയ്ക്ക്**

## ആനക്കയത്ത് പാലം നിർമ്മിക്കുവാൻ ഭരണാനുമതി

**ചോദ്യം** **മറുപടി**

**ശ്രീ. ആന്റണി ജോൺ** **ശ്രീ. കെ. രാജു**
**(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഇടമലയാർ-വടാട്ടുപാറ പ്രദേശങ്ങളിൽ നിന്നും പഞ്ചായത്ത് ആസ്ഥാനമായ കുട്ടമ്പുഴയിൽ എത്തിച്ചേരുന്നതിനു വേണ്ടി എടമലയാർ പൂയംകുട്ടി ആറുകളുടെ സംഗമസ്ഥലമായ ആനക്കയത്ത് പാലം നിർമ്മിക്കുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും വനം വകുപ്പിന്റെ അനുമതിയുമായി ബന്ധപ്പെട്ട് തർക്കം നിലനിൽകുന്നതിനാൽ പ്രസ്തുത പാലത്തിന്റെ പണി തുടങ്ങുവാൻ സാധിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആനക്കയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പുമായി തർക്കം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ തർക്കങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ആനക്കയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 16.02.2016 ൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആനക്കയം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിന് നിർവ്വഹണ വകുപ്പായ പൊതുമരാമത്ത് വകുപ്പ്, ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റ് 1980 അനുസരിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതാണ്. തുടർന്ന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ, മൂവാറ്റുപുഴയ്ക്ക് 11.04.2016 ന് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കത്ത് നൽകിയിട്ടുള്ളതുമാണ്. |
| (സി) | തർക്കങ്ങൾ പരിഹരിച്ച് ആനക്കയം പാലം യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | ടി വിഷയവുമായി ബന്ധപ്പെട്ട് തർക്കങ്ങളൊന്നും നിലവിലില്ല. നിർവ്വഹണ വകുപ്പായ പൊതുമരാമത്ത് വകുപ്പ് ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റ് 1980 അനുസരിച്ച് അപേക്ഷ സമർപ്പിച്ചാൽ മാത്രമെ വനം വകുപ്പിനു തുടർനടപടി സ്വീകരിക്കാനാവൂ. |

**സെക്ഷൻ ഓഫീസർ**